# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 25

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2019 ജൂലൈയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ്-റഗുലർ, സപ്ലിമെന്ററി) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ എട്ടു വരെ അപേക്ഷിക്കാം. 2015 അഡ്മിഷന് മുമ്പുള്ളവർ പരീക്ഷ കൺട്രോളർക്ക് അപേക്ഷ നൽകണം. 2015 അഡ്മിഷൻ മുതലുള്ളവർ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ നൽകണം.

(പി.ആർ.ഒ/39/836/2020)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്) പരീക്ഷയും വൈവയും സെപ്റ്റംബർ 15, 16 തീയതികളിൽ നടക്കും. പിഴയില്ലാതെ സെപ്റ്റംബർ ഒമ്പതു വരെയും 525 രൂപ പിഴയോടെ സെപ്റ്റംബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/837/2020)

## ഓൺലൈൻ സർവേയും
## പാനൽ ചർച്ചയും ഇന്ന്(ഓഗസ്റ്റ് 26)

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സും പാലക്കാട് എം.ഇ.എസ്. കോളജും ചേർന്ന് 'കോവിഡ് '19 ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ ജീവിതനിലവാരത്തിൽ സൃഷ്ടിക്കുന്ന ആഘാതം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ സർവേയും പാനൽ ചർച്ചയും ഇന്ന്(ഓഗസ്റ്റ് 26) രാവിലെ 10ന് നടക്കും. സാമൂഹിക സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മുഹമ്മദ് അഷീൽ, കവിയത്രി വിജയരാജമല്ലിക, റിയ ഇഷ, ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ്, ഡോ. എം.വി. ബിജുലാൽ, ഡോ. വി.എ. ഹസീന എന്നിവർ പങ്കെടുക്കും. ഡോ. എൻ.എൻ. ഹേന മോഡറേറ്ററാകും. സൂമിലൂടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ/39/838/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ